# K. P. APPAN’S LITERARY VISION AND DHARMA

# കെ. പി. അപ്പൻ : സാഹിത്യദർശനവും ധർമ്മവും

**Dr. Sonia Jose[1]**

**ABSTRACT**

Literature, according to K. P. Appan, is the imaginative re - creation of life. Literary dharma (duty) is the responsibility that literature holds toward society. Both Western and Eastern philosophers have deeply reflected on the idea of literary dharma. K. P. Appan is a critic who profoundly explored the philosophical elegance of Malayalam literary work. He deeply presented his existentialist perspectives and believed that literary works have the power to renew the aesthetic responsibilities of readers and transform them into more insightful human beings. According to K. P. Appan, a writer must be completely free at the moment of creation. Prejudices or ideological slavery should not control the writer during this time. His vision must emerage naturally through the process of creation. Appan also observed that a writer must create a new language within language itself and thus rejuvenate literature. In other words, in his view, the writer’s revolution must be created through language.

**Key Words:**

Literary creation, writer’s freedom, literary language, existential vision.

**പ്രബന്ധസംഗ്രഹം:**

ജീവിതത്തിന്റെ ഭാവനാത്മകമായ പുന:സൃഷ്ടിയാണ് സാഹിത്യം. സാഹിത്യധർമ്മമാകട്ടെ സമൂഹത്തോടുള്ള സാഹിത്യത്തിന്റെ

[1] PG Department of Malayalam, Pavanatma College, Murickassery, India

ഉത്തരവാദിത്വവും. സാഹിത്യധർമ്മത്തെക്കുറിച്ച് പാശ്ചാത്യരും പൗരസ്ത്യരുമായ തത്ത്വചിന്തകന്മാർ ആഴത്തിൽ ചിന്തിച്ചിട്ടു ്. മലയാള കൃതികളുടെ ദാർശനിക ലാവണ്യത്തെക്കുറിച്ച് ആഴത്തിൽ ചിന്തിച്ച നിരൂപകനാണ് കെ.പി. അപ്പൻ. തന്റെ അസ്തിത്വവാദചിന്താഗതികൾ ആഴത്തിലവതരിപ്പിച്ച അദ്ദേഹം സാഹിത്യകൃതികൾ ആസ്വാദകരുടെ സൗന്ദര്യബോധത്തെ നവീകരിക്കുകയും കൂടുതൽ ഉൾക്കാഴ്ചയുള്ള മനുഷ്യരാക്കി അവരെ മാറ്റുകയും ചെയ്യുമെന്നു വിശ്വസിച്ചു. സൃഷ്ടിയുടെ വേളയിൽ എഴുത്തുകാരൻ സർവ്വത്ര സ്വതന്ത്രനായിരിക്കണമെന്നാണ് കെ. പി. അപ്പന്റെ അഭിപ്രായം. മുൻവിധികളോ പ്രത്യയശാസ്ത്രപരമായ അടിമത്തമോ ഒന്നും ആ സമയത്ത് അയാളെ ഭരിക്കരുത്. സൃഷ്ടിയിലൂടെ സ്വാഭാവികമായി ഉരുത്തിരിഞ്ഞു വരേ താണ് അയാളുടെ ദർശനം. എഴുത്തുകാരൻ ഭാഷയ്ക്കുള്ളിൽ പുതിയൊരുഭാഷ സൃഷ്ടിച്ച് സഹിത്യത്തെ നവീകരിക്കണമെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. അതായത് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എഴുത്തുകാരൻ തന്റെ വിപ്ലവം ഭാഷയിലാണ് സൃഷ്ടിക്കേ ത്.

**താക്കോൽ വാക്കുകൾ**: സാഹിത്യ സൃഷ്ടി, എഴുത്തുകാരന്റെ സ്വാതന്ത്ര്യം, സാഹിത്യഭാഷ, അസ്തിത്വദർശനം.

മലയാള സാഹിത്യത്തിലെ പ്രമുഖ നിരൂപകനാണ് കെ. പി. അപ്പൻ. സാഹിത്യ കൃതികളുടെ ദാർശനിക ധർമ്മത്തെക്കുറിച്ച് അദ്ദേഹം ആഴത്തിൽ ചിന്തിച്ചു. തത്ത്വചിന്താപരമായ ദർശനത്തിലൂന്നിയാണ് അദ്ദേഹം തന്റെ ചിന്താഗതികൾ അവതരിപ്പിച്ചത്. സൗന്ദര്യവാദവും അസ്തിത്വദർശനവും തമ്മിലുള്ള സമന്വയത്തിൽനിന്നു രൂപംകൊ ഒരു വിമർശന സമ്പ്രദായമാണ് കെ. പി. അപ്പന്റേതെന്ന് വി. രാജകൃഷ്ണൻ അഭിപ്രായപ്പെട്ടത് ശ്രദ്ധേയമാണ് (വി. രാജകൃഷ്ണൻ, 84 : 2009).

## സാഹിത്യത്തിന്റെ സാമൂഹിക ധർമ്മം

സാഹിത്യത്തിന്റെ സാമൂഹിക ധർമ്മത്തെക്കുറിച്ച് കെ. പി. അപ്പന് വ്യക്തമായ കാഴചപ്പാടു ായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ

എല്ലാ സാഹിത്യ കൃതികളിലും സാമൂഹികമായ ആശയങ്ങളു ്. കൃതികളിൽ സാമൂഹിക വിരുദ്ധമെന്നു വിശേഷിപ്പിക്കാവുന്ന നിലപാട് എഴുത്തുകാരൻ സ്വീകരിക്കുമ്പോഴും സമൂഹത്തിലെ പ്രശ്നങ്ങളുടെ നേരെ ഉദാസീനത പ്രകടിപ്പിക്കുമ്പോഴും കൃതിയിൽ സാമൂഹികമായ വിവക്ഷകൾ തന്നെയാണ് കടന്നുകൂടുന്നത്. ഇതല്ലാതെ എഴുത്തുകാരന് നേരിട്ട് സമൂഹത്തോട് സാഹിത്യകാരനെന്നനിലയിൽ കടപ്പാടൊന്നുമില്ലെന്നു അഭിപ്രായമാണദ്ദേഹത്തിന്റേത്. സാമൂഹിക ഉത്തരവാദിത്വത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, എഴുത്തുകാരുടെ യാന്ത്രികമായ നിലപാടിൽ ഊന്നിയതുകൊ ാണ് പുരോഗമന സാഹിത്യപ്രസ്ഥാനം സാഹിത്യചരിത്രപരമായ ഒരു ദുരന്തമായിത്തീർന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു ്. കക്ഷിരാഷ്ട്രീയക്കാരുടെ പഠനക്ലാസ്സുകളിൽ നിന്നുമാത്രം പഠിക്കാവുന്ന അസംബന്ധങ്ങളും പവിത്രീകരിക്കപ്പെട്ട അജ്ഞതയുമാണ് പുരോഗമന സാഹിത്യകാരന്മാരെ നയിച്ചത്. “തന്റെ കലയിലൂടെ ലോകത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് വ്യക്തമാക്കുന്നതിനോടൊപ്പം സൃഷ്ടിയെ ഒരു ദാർശനിക ലോകവീക്ഷണത്തിന്റെ ശില്പമാക്കിത്തീർക്കാൻ കഴിയാത്ത ഒരു എഴുത്തുകാരൻ പരാജയപ്പെടുക തന്നെ ചെയ്യുന്നു” (കെ. പി. അപ്പൻ, 27 : 1994).

**എഴുത്തുകാരന്റെ ദർശനം**

കെ. പി. അപ്പന്റെ അഭിപ്രായത്തിൽ എഴുത്തുകാരന്റെ കൃതിയിൽ പ്രകടമാകുന്ന ദർശനമാണ് അയാളുടെ സാമൂഹിക സംഭാവന. എന്നാൽ സൃഷ്ടിക്കുമുമ്പ് തന്റെ വായനക്കാരനെ ദർശനത്തിലെത്തിക്കണമെന്ന് അയാൾ പ്രതിജ്ഞയൊന്നും എടു ക്കേ തില്ല. സൃഷ്ടിയുടെ വേളയിൽ അയാൾ സ്വതന്ത്രമായ മനസ്സോടെ അതിൽ മുഴുകുകമാത്രമാണ് ചെയ്യേ ത്. സൃഷ്ടിക്കുശേഷം എഴുത്തുകാരന്റെ ദർശനം ആസ്വാദകരിൽ പ്രതികരണങ്ങൾ ജനിപ്പിച്ചേക്കാം എന്നതിൽക്കവിഞ്ഞ് അയാൾക്ക് സമൂഹത്തോട് വലിയ പ്രതിജ്ഞാബദ്ധതയൊന്നുമില്ല. സാമൂഹ്യപുരോഗ തിക്കുവേ ിയുള്ള പ്രത്യയശാസ്ത്ര സമരത്തിലെ പ്രധാനപ്പെട്ട ആയുധമായി സാഹിത്യകൃതിയെ കരുതാനാവില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. മറിച്ച് എഴുത്തുകാരന്റെ മതാത്മക

മനോഭാവത്തിന്റെ ആവിഷ്ക്കരണമാണ് സൃഷ്ടി. ഇവിടെ മതം എന്ന പദത്തിന് സംഘടിത മതവുമായി ഒരു ബന്ധവുമില്ലെന്നും അദ്ദേഹം വ്യകതമാക്കുന്നു ്. കൂടാതെ ഈ പദത്തെ അർത്ഥത്തിന്റെ പുതിയൊരു സ്വാതന്ത്ര്യത്തിലാണ് മനസ്സിലാക്കേ തെന്ന് അദ്ദേഹം വിശദീകരിക്കുകയും ചെയ്യുന്നു. ''വൈറ്റ്ഹെഡ് പറയുന്നതുപോലെ മനുഷ്യൻ ഏകാകിയായിരിക്കുമ്പോൾ അവന് പ്രപഞ്ചത്തോട് തോന്നുന്ന മനോഭാവമാണ് മതാത്മക മനോഭാവം. ഏകാന്തതയിൽ കലാസൃഷ്ടി ആസ്വദിക്കുമ്പോൾ ഈ മനോഭാവത്തിൽ വായനക്കാരൻ എത്തിച്ചേരുന്നു. ഇങ്ങനെയൊരു മനോഭാവത്തിലേക്ക് വായനക്കാരെ നയിക്കാനുള്ള ഭൗതിക സാധ്യതയാണ് സാഹിത്യസൃഷ്ടി'' (കെ. പി. അപ്പൻ, 30 :1994). സൃഷ്ടിയുടെ ആത്യന്തികഫലം എഴുത്തുകാരന്റെ ദർശനമാണെന്ന് അദ്ദേഹം കരുതുന്നു. ദർശനമെന്നത് എഴുത്തുകാരന്റെ പ്രതിഭയുടെ ഉല്പന്നവുമാണ്. അതുകൊ ുതന്നെ ദർശനത്തിന്റെ രൂപീകരണവേളയിൽ, സൃഷ്ടിയുടെ സന്ദർഭത്തിൽ എഴുത്തുകാരൻ നിരുപാധികമാംവിധം സ്വതന്ത്രനായിരിക്കണം.

സാഹിത്യകാരൻ ഒരു സാമൂഹ്യ ജീവിയാണെന്ന വസ്തുതയും കെ. പി. അപ്പൻ അംഗീകരിക്കുന്നു ്. എന്നാൽ എഴുത്തുകാരനെന്ന നിലയിലുള്ള നിലപാട് വ്യത്യസ്തമാണ്. ഒരു പൗരൻ എന്ന നിലയിൽ രാജ്യത്തിന്റെയും സമൂഹത്തിന്റെയും പ്രശ്നങ്ങൾ അയാൾക്ക് വിലപ്പെട്ടതാണ്. പക്ഷേ ഒരു എഴുത്തുകാരൻ എന്ന നിലയിൽ അയാളുടെ പ്രധാന ബാധ്യത സ്വന്തം സാഹിത്യജീവിതത്തോടാണ്. അതുകൊ ് തന്റെ കലയോടും ആന്തരിക ജീവിതത്തോടും അയാൾ കൂറുകാണിക്കേ തു ്. അങ്ങനെ വരുമ്പോൾ അയാളുടെ പ്രശ്നങ്ങൾ അയാളുടെ സ്വകാര്യഭാവത്തിന്റെ പ്രശ്നങ്ങളായി മാറുന്നു. എഴുത്തുകാരന്റെ വ്യകതിപരമായ അസ്തിത്വം കലാകാരൻ എന്ന നിലയിൽ ഒരാൾക്കു ്. ഈ വ്യക്തിത്വമാണ് അയാളെ സ്വകാര്യഭാവഗ്രസ്തതകളുടെ ശില്പിയാക്കിത്തീർക്കുന്നത്'' (കെ. പി. അപ്പൻ, 32 : 1998).

**എഴുത്തുകാരന്റെ സ്വാതന്ത്ര്യം**

എഴുത്തുകാരൻ സൃഷ്ടിയുടെ വേളയിൽ നിരുപാധികമാംവിധം സ്വതന്ത്രനാണെന്നാണ് കെ. പി. അപ്പൻ വിശ്വസിക്കുന്നത്. ആ നിമിഷങ്ങളിൽ അയാൾ സകലവിധ പ്രലോഭനങ്ങളിൽ നിന്നും സ്വതന്ത്രനായിരിക്കണം. ഇവിടെ സ്വാതന്ത്ര്യം എഴുത്തുകാരന്റെ സാഹിത്യതത്ത്വശാസ്ത്രത്തിന്റെ ആധാരശിലയായി മാറണം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ "എഴുത്തുകാരനായി സ്വയം ജ്ഞാനസ്നാനം ചെയ്യപ്പെട്ട ഒരാൾ സൃഷ്ടി ഒരപൂർവ്വവസ്തുവായിരിക്കാൻ വേ ി നടത്തുന്ന ബാഹ്യപ്രേരണകളുടെ കലർപ്പില്ലാത്ത കലാസാധന തന്നെയാണ് സ്വാതന്ത്ര്യം. എഴുത്തുകാരൻ എന്നു പറഞ്ഞാൽ സകലവിധ പ്രേരണകൾക്കുമതീതനായി നിന്നുകൊ ് ഈ സ്വാതന്ത്ര്യം നേടിയെടുക്കാൻ സ്വയം നിയോഗിക്കപ്പെട്ടവൻ എന്നാണർത്ഥം" (കെ. പി. അപ്പൻ, 10 : 1995).

കെ. പി. അപ്പന്റെ കാഴ്ചപ്പാടിൽ എഴുത്തുകാരൻ തന്റെ അപൂർവ്വ ദർശനത്തെ സാക്ഷാത്ക്കരിക്കാനാണ് കൃതിയിലൂടെ ശ്രമിക്കുന്നത്. അതിലേക്ക് സ്വന്തം മാർഗ്ഗത്തിൽക്കൂടി തന്നെ എത്തിച്ചേരണമെന്ന് യഥാർത്ഥ എഴുത്തുകാരന് നിർബന്ധമു ്. അതിനാണ് അയാൾ സ്വാതന്ത്ര്യത്തെ മുറുകെപ്പിടിക്കുന്നത്. ഇക്കാര്യത്തിൽ എഴുത്തുകാരൻ, ഹെർമ്മൻ ഹെസ്സിന്റെ സിദ്ധാർത്ഥ എന്ന കഥാപാത്രത്തെപ്പോലെ യായിരിക്കണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു. ജീവിതത്തിന്റെ അർഥമെന്താണെന്ന് സ്വന്തം മാർഗ്ഗത്തിലൂടെ അന്വേഷിച്ചു ക ത്താൻ ശ്രമിക്കുന്ന കഥാപാത്രമാണ് സിദ്ധാർത്ഥ. സ്വന്തം ചിന്താസ്വാതന്ത്ര്യത്തെ ബുദ്ധന്റെ മുമ്പിപോലും അടിയറവ് വെയ്ക്കാൻ തയ്യാറാകാത്തവൻ. എഴുത്തുകാരന് തന്റെ രചനയുടെ പിന്നിലും ഇത്തരം ആത്മാർത്ഥമായ അന്വേഷണമു ായിരിക്കണമെന്നാണ് കെ. പി. അപ്പന്റെ അഭിപ്രായം. എല്ലാത്തരം അടിമത്തങ്ങളെയും അയാൾ വെറുക്കണം. പ്രത്യേകിച്ചും മാനസികമായ അടിമത്തത്തെ "എഴുതുക എന്നു പറഞ്ഞാൽ സ്വാതന്ത്ര്യം

അനുഭവിക്കുക എന്നാണർത്ഥം. സമൂഹത്തിനുവേ ി അനുഷ്ഠിക്കുന്ന കർത്തവ്യം എന്ന നിലയ്ക്കുള്ള ബോധപൂർവ്വമായ രചന എഴുത്തുകാരന്റെ അകാരണമായ ഭീതികളും അകാരണമായ ആകുലതകളും അടങ്ങിയ സ്വകാര്യദർശനത്തെ നിഷേധിക്കുന്നതിനാൽ ഫലത്തിൽ സൃഷ്ടിയുടെ സ്വാതന്ത്ര്യത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്'' (കെ. പി. അപ്പൻ, 11 : 1995).

**എഴുത്തുകാരന്റെ ദർശനം**

എഴുത്തുകാരന്റെ ദർശനം ഉരുത്തിരിഞ്ഞുവരുന്ന പ്രക്രിയയെ കെ. പി. അപ്പൻ വിശദീകരിക്കുന്നു ്. ''രചനയുടെ വേളയിൽ എഴുത്തുകാരൻ ബിംബങ്ങളും പ്രതീകങ്ങളും സൃഷ്ടിക്കുന്നു. അയാളുടെ മനോഭാവത്തിന്റെ പ്രത്യേകതകൊ ് സ്വരസവിശേഷത രൂപപ്പെടുന്നു. ഈ സ്വരസവിശേഷതയിലും ബിംബങ്ങളിലും പ്രതീകങ്ങളിലും നിന്നുമാണ് സ്വന്തം ദർശനം അയാൾക്ക് തെളിഞ്ഞു കിട്ടുന്നത്'' (കെ. പി. അപ്പൻ, 11:1995). സാഹിത്യത്തിലെ അസ്തിത്വവാദത്തെക്കുറിച്ചും ചിന്തിക്കുന്ന അദ്ദേഹം അസ്തിത്വവാദം മാനവവാദം തന്നെയാണെന്ന സാർത്രിന്റെ അഭിപ്രായത്തെ അംഗീകരിക്കുകയാണ് ചെയ്യുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അസ്തിത്വവാദം ജീവിതത്തെയും മരണത്തെയും ഏകാന്തതയെയും സബന്ധിക്കുന്ന് അടിസ്ഥാനപരമായ പ്രശ്നങ്ങൾ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.

**സാഹിത്യം സമൂഹത്തിനുവേ ി**

സാഹിത്യകാരൻ സമൂഹത്തിനുവേ ി അനുഷ്ഠിക്കുന്ന കർത്തവ്യം എന്ന നിലയിൽ നിർമ്മിക്കുന്ന ബോധപൂർവ്വമായ രചനകളോട് കെ. പി. അപ്പൻ വിമുഖത പ്രകടിപ്പിക്കുന്നു. ആശയ പ്രചാരണം എന്ന ദൗത്യം ഒരിക്കലും സാഹിത്യത്തിന് നൽകരുത് എന്ന ആശയക്കാരനാണദ്ദേഹം. എഴുത്തുകാരൻ അടിസ്ഥാനപരമായി ഒരു ഭാഷാജീവിയും ദാർശനികജീവിയുമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. എന്നാൽ സാമൂഹിക ജീവിതത്തിൽ നിന്നും അയാൾ ഒളിച്ചോടണമെന്നല്ല അദ്ദേഹം അർഥമാക്കുന്നത്. അദ്ദേഹത്തിന്റെ അഭിപായത്തിൽ സാഹിത്യകാരനെ ഒരു തരത്തിലുമുള്ള രാഷ്ട്രീയ ചിന്താഗതികൾ

നിയന്ത്രിക്കരുത്. അയാൾ മാനസികമായി ഒരു വ്യവസ്ഥയുടെയും അടിമയാകരുത്. തികച്ചും സ്വതന്ത്രമായ ചിന്തയായിരിക്കണം ഏത് വിഷയത്തെക്കുറിച്ചും അയാൾ നടത്തേ ത്. നിശ്ചിതമായ ഒരു ലക്ഷ്യം മുന്നിൽക്ക ുകൊ ായിരിക്കരുത് സൃഷ്ടി നടത്തുന്നത്. ഒരു പൗരനെന്ന നിലയിൽ സാമൂഹിക പ്രശ്നങ്ങൾ അയാൾക്കും ബാധകമാണ്. എന്നാൽ സാഹിത്യകാരനെന്ന നിലയിൽ മനുഷ്യാസ്തിത്വത്തെ സംബന്ധിച്ച അടിസ്ഥാനപരമായ പ്രശ്നങ്ങളായിരിക്കണം അയാളെ വേട്ടയാടുന്നത്.

സാമൂഹികമായ ഒരു ലക്ഷ്യം നേടുന്നതിനായി കലാകാരന്മാരെ ഒരിക്കലും ഉപയോഗിക്കരുതെന്ന ചിന്താഗതിക്കാരനാണ് കെ. പി. അപ്പൻ. അതായത് മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ആശയങ്ങൾക്കുവേ ിയും ദർശനങ്ങൾക്കുവേ ിയും അഭിപ്രായങ്ങൾക്കുവേ ിയും ഒരിക്കലും എഴുതാനിടവരരുത്. അത്തരമെഴുത്ത് കൂലിയെഴുത്താണ്. എഴുത്തുകാരൻ സ്വതന്ത്രമായ ദർശനത്തിലെത്തിച്ചേരാൻ സമൂഹത്തിനുവേ ി എഴുതുക എന്ന സ്വഭാവം തടസ്സമാകും എന്നതാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. പ്രത്യയശാസ്ത്രപരമായ അടിമത്തവും എഴുത്തുകാരന്റെ ദാർശനിക സ്വാതന്ത്ര്യത്തെ തളർത്തിക്കളയുമെന്ന് കെ. പി. അപ്പൻ വിശ്വസിക്കുന്നു. സൃഷ്ടിയുടെ വേളയിൽ ബാഹ്യപ്രേരണകൾ എഴുത്തുകാരന്റെ പ്രതിഭയെ തളർത്തുമെന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്.

**എഴുത്തുകാരന്റെ ഭാഷ**

എഴുത്തുകാരന്റെ ഭാഷയുടെ സവിശേഷതകളെക്കുറിച്ച് കെ. പി. അപ്പൻ ചിന്തിക്കു ന്നു ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എഴുത്തുകാരൻ പുതിയൊരു ഭാഷ നിർമ്മിക്കാൻ ബാധ്യസ്ഥനാണ്. ‘‘ഒരു എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗൗരവമേറിയ പ്രശ്നം ഭാഷയാണ്. സാഹിത്യ സൃഷ്ടിയുടെ പ്രധാന ധർമ്മംത്തന്നെ കാലത്തിന്റെ ഗതി യിൽ വാക്കുകളുടെ അർഥത്തിന് സംഭവിക്കുന്ന നഷ്ടംമൂലം ഭാഷയ്ക്കു ാകുന്ന മരവിപ്പിൽനിന്നും അതിനെ രക്ഷിയ്ക്കാൻ പുതിയൊരു ഭാഷ സൃഷ്ടിച്ച് ഭാഷയെ സജീവമായി നിലനിർത്തുക

എന്നതാണ്'' (കെ. പി. അപ്പൻ, 12 : 1995). സൃഷ്ടിപരമായ ഒരു അസാധാരണത്വമെന്ന നിലയിലാണ് ഇത് സഭവിക്കുകയെന്നും അദ്ദേഹം ചേർത്തുവെയ്ക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അമ്പതുകളിലും അറുപതുകളുടെ ആരംഭവർഷങ്ങളിലും സാഹിത്യഭാഷയിൽ സംഭവിച്ച നിശ്ചലതയാണ് മലയാള ഗദ്യസാഹിത്യത്തെ ജീർണ്ണതയിൽ എത്തിച്ചത്. സാമൂഹ്യജീവിതം അവതരിപ്പിക്കാൻ കിണഞ്ഞു പരിശ്രമിക്കുന്നതിനിടയിൽ തങ്ങളുടെ ഭാഷ ചലനമറ്റുകിടക്കുന്നത് സമീപഭൂതകാലത്തെ എഴുത്തുകാർ കാണാതിരുന്നതാണ് കാരണം. കലാകാരന്മാർ പുതിയഭാഷ സൃഷ്ടിക്കേ തിന്റെ ആവശ്യകതയെപ്പറ്റി വിമർശകർ പറയാതിരിക്കുന്നതും കാരണമായിത്തീർന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ക്ഷയിച്ചുകൊ ിരിക്കുന്ന ഭാഷയാണ് യഥാർത്ഥത്തിൽ സാംസ്കാരികമായ ജീർണ്ണത. ''എഴുത്തുകാരൻ അടിസ്ഥാനപരമായി ഒരു ഭാഷാജീവിയും ദാർശനിക ജീവിയുമാകയാൽ ഈ ര ുവിധ സ്വാതന്ത്ര്യവും അയാളുടെ ലക്ഷ്യമാണ്. ഭാഷാജീവിയായതുകൊ ് അയാൾ പുതിയ ഭാഷ സൃഷ്ടിക്കുന്നു''(കെ. പി. അപ്പൻ, 20:1995). ഭാഷയ്ക്കുള്ളിൽ ഭാഷ സൃഷ്ടിച്ച് ഭാഷയെ നവീകരിക്കുക എന്നത് സാഹിത്യത്തിന്റെ ധർമ്മമാണെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. വാക്കുകൾ നൽകുന്ന സാദ്ധ്യമായ അർത്ഥങ്ങൾക്കുമപ്പുറമുള്ള ലോകങ്ങളിലേക്ക് കടന്നു നിൽക്കുകയും ഭാഷയുടെ റിഥത്തിലൂടെ ദർശനം ആവിഷ്ക്കരിക്കുകയും ചെയ്യുമ്പോൾ എഴുത്തുകാരൻ ഭാഷയിൽ വിപ്ലവം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഇത്തരം വിപ്ലവം സൃഷ്ടിക്കാനാണ് എഴുത്തുകാർ പ്രതിജ്ഞാബദ്ധരായി തീരേ ത്. സാമൂഹ്യജീവിത രംഗങ്ങളിൽ എഴുത്തുകാർ നേരിട്ട് ഒരു വിപ്ലവവും സൃഷ്ടിക്കുന്നില്ല. പകരം അവർ വിപ്ലവം സൃഷ്ടിക്കുന്നത് ഭാഷയിലാണെന്നാണ് കെ. പി. അപ്പന്റെ അഭിപായം. നിലവിലുള്ള ലാവണ്യനിയമങ്ങളും ഭാഷയിലെ കീഴ്വഴക്കങ്ങളും സ്വീകാര്യമല്ല എന്ന ഉറച്ചബോധത്തിൽ നിന്നാണ് ഈ വിപ്ലവം ജനിക്കുന്നത്.

ചുരുക്കത്തിൽ, കെ. പി. അപ്പന്റെ അഭിപ്രായത്തിൽ എഴുത്തുകാരൻ സൃഷ്ടിയുടെ വേളയിൽ എല്ലാവിധ ബാഹ്യപ്രേരണകളിൽനിന്നും സ്വതന്ത്രനായിരിക്കണം. രചനയിലൂടെ എഴുത്തുകാരൻ സാക്ഷാത്കരിക്കുന്ന ദർശനങ്ങളെ ഉൾക്കൊള്ളാൻ വായനക്കാർക്ക് അവസരം നൽകലാണ് യഥാർത്ഥ സാഹിത്യധർമ്മം. എഴുത്തുകാരൻ നൂതന മൂല്യങ്ങളെ സൃഷ്ടിക്കേ വനാണ്. എഴുത്തുകാരന്റെ മുഖ്യധർമ്മം പഴകിയ കാഴ്ചപ്പാടുകളെ പ്രതിനിധീകരിക്കുന്ന ഭാഷയെ നവീകരിച്ച് പുതിയ ആശയങ്ങളെ അവതരിപ്പിക്കലാണ്.

**സഹായക ഗ്രന്ഥങ്ങൾ**

1) അപ്പൻ, കെ. പി. ക്ഷോഭിക്കുന്നവരുടെ സുവിശേഷം, ഡി. സി. ബുക്സ്, കോട്ടയം, 1998.

2) അപ്പൻ, കെ. പി., തിരസ്കാരം, ഇംപ്രിന്റ് ബുക്സ്, കൊല്ലം, 1998.

3) അപ്പൻ, കെ. പി., കലഹവും വിശ്വാസവും, ഡി. സി. ബുക്സ്, കോട്ടയം, 1995.

4) അപ്പൻ, കെ. പി., കലാപം മുദ്രണം വിലയിരുത്തൽ ഡി. സി. ബുക്സ്, കോട്ടയം, 1994.

5) അപ്പൻ, കെ. പി., മലയാള ഭാവന – മൂല്യങ്ങളും സംഘർഷങ്ങളും, ഡി. സി. ബുക്സ്, കോട്ടയം,1994.

6) അപ്പൻ, കെ. പി., ഉത്തരാധുനികത വർത്തമാനവും വംശാവലിയും, ഡി. സി. ബുക്സ്, കോട്ടയം, 1997.

7) അപ്പൻ, കെ. പി., ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക, ഡി. സി. ബുക്സ്, കോട്ടയം, 2008.

**ആനുകാലികങ്ങൾ**

1. രാജകൃഷ്ണൻ, വി., വേദനിന്ദയുടെ സ്വരം, ഭാഷാപോഷിണി, ജനുവരി 2009 ല. 8.

## References

**Books:**

Appan, K. P. *Kṣobikkunnavarude Suviśēṣam*. D. C. Books, 1998.

Appan, K. P. *Thiraskaram*. Imprint Books, 1998.

Appan, K. P. *Kalahavum Viśvāsavum*. D. C. Books, 1995.

Appan, K. P. *Kāḷāpam Muḍraṇam Vilayiruthal*. D. C. Books, 1994.

Appan, K. P. *Malayāḷa Bhāvana: Mūlyangalum Saṅkalppaṅṅaḷum*. D. C. Books, 1994.

Appan, K. P. *Utharādhunikathā: Varthamānavum Vaṁśāvaliyum*. D. C. Books, 1997.

Appan, K. P. *Charithrathe Ningalkkoppam Koottuka*. D. C. Books, 2008.

**Journal Article:**

Rājakrishnan, V. "Dēvanindhayude Swaram." *Bhashaposhini*, vol. 8, Jan. 2009.